LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി വിതരണരംഗം സ്വകാര്യവത്കരിക്കുന്ന നടപടി

231(5390) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി വിതരണരംഗം സ്വകാര്യവത്കരിക്കുന്നത് സംബന്ധിച്ച കേന്ദ്രസർക്കാർ നിർദ്ദേശങ്ങളോട് ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വിതരണ രംഗം സ്വകാര്യവത്കരിക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ നിലപാടും, ഭേദഗതിമൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും ബദൽ നിർദ്ദേശങ്ങളും കാര്യകാരണ സഹിതം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഡീ-ലൈസൻസിംഗ്, തുടർന്ന് വിതരണ കമ്പനികൾ തന്നിഷ്ടപ്രകാരം നടത്താൻ ഇടയുള്ള ഉപഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, ക്രോസ്-സബ്സിഡി ഇല്ലാതാകുന്ന സാഹചര്യം, നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്കുള്ളവ) വഴിയുള്ള ബാധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്തപക്ഷം കെ.എസ്.ഇ.ബി.-ക്ക് വരാൻ പോകുന്ന ബാധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കകളും, കേരളം വൈദ്യുതി വിതരണം പൊതുമേഖലയിൽ നിർത്തിക്കൊണ്ട് കൈവരിച്ച നേട്ടങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

ജനപ്രതിനിധികൾക്ക് ബാങ്ക് ഭരണ സമിതി അംഗമാകാൻ വിലക്ക്

232(5391) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനപ്രതിനിധികൾക്ക് അർബൻ സഹകരണ ബാങ്കുകളുടെ എം.ഡി., മുഴുവൻ സമയ ഡയറക്ടർ എന്നിവ ആകാൻ കഴിയില്ലെന്ന നിർദ്ദേശം/ഉത്തരവ് റിസർവ് ബാങ്ക് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

റിസർവ് ബാങ്കിന്റെ 25-6-2021-ലെ RBI/2021-22/60 DOR.GOV.REC. 25/12.10.000/2021-22 നമ്പർ സർക്കുലർ പ്രകാരം, അർബൻ സഹകരണ ബാങ്കുകളിൽ മാനേജിംഗ് ഡയറക്ടർ/മുഴുവൻ സമയ ഡയറക്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അർബൻ സഹകരണ ബാങ്കുകൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുണ്ട്. ആയതനുസരിച്ച് പാർലമെന്റ്, സംസ്ഥാന നിയമസഭ, മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, മറ്റ് തദ്ദേശ സ്ഥാപനങ്ങൾ എന്നിവയിലെ അംഗമായിരിക്കുന്നയാളിന് മാനേജിംഗ് ഡയറക്ടർ/ മുഴുവൻ സമയ ഡയറക്ടറാകാൻ കഴിയുന്നതല്ല.

(ബി) ഇതുസംബന്ധിച്ച രേഖാമൂലമുള്ള ഉത്തരവ് റിസർവ്വ് ബാങ്കിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) ലഭിച്ചിട്ടില്ല.

സഹകരണ സംരംഭകത്വം

233(5392) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സഹകരണ സംരംഭകത്വം വഴി തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ ഓരോ ജില്ലകളിലും ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിച്ച് സഹകരണ മേഖലയെ വികസിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സഹകരണ സംരംഭകത്വം-തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനുള്ള സഹായം എന്ന പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 2020-21 സാമ്പത്തികവർഷം 400 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2021-22 സാമ്പത്തികവർഷം 300 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സുശക്തമായ പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റികളെ തിരഞ്ഞെടുത്ത്, പ്രാദേശികമായി ലഭിക്കുന്ന കൃഷി ഉത്പന്നങ്ങളെ ആസ്പദമാക്കി ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനും കൃഷി അനുബന്ധ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുക എന്നീ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ വിഭാവനം ചെയ്യുന്നത്. മൂല്യ വർദ്ധനവ്, പ്രോസസ്സിംഗ്, വിപണനം എന്നീ മേഖലകളിലാണ് ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നത്. ടി പദ്ധതിയിലുൾപ്പെടുത്തി നിലവിൽ പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി 1449 (പാപ്കോസ്) സഹകരണ സംരംഭകത്വം-തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനുള്ള സഹായം എന്ന പദ്ധതിയിലുൾപ്പെടുത്തി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് ആൻഡ് പ്രോസസ്സിംഗ് സഹകരണ സംഘത്തിന് ആധുനിക റൈസ് മില്ല് സ്ഥാപിക്കുന്നതിനും സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുമാണ് സർക്കാർ ധനസഹായം അനുവദിച്ചു വരുന്നത്. പാലക്കാട് ജില്ലയിലെ നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടെത്തുകയെന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ചിട്ടുള്ള ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ ആലത്തൂർ

LIBRARY ARCHIVES Kerala Legislative Assembly